5404
14/3/17

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം-വന്യജീവി വകുപ്പ്-ശ്രീ.എൻ.ബിജുമോൻ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ മറ്റു ചില സർക്കാരുദ്യോഗസ്ഥർക്കൊപ്പം ചേർന്ന് ട്യൂഷൻ സെന്റർ നടത്തുന്നുവെന്ന ആരോപണം സംബന്ധിച്ച വിജിലൻസ് അന്വേഷണ റിപ്പോർട്ട്-അച്ചടക്ക നടപടി അവസാനിപ്പിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ. (സാധാ) നം.66/2017/വനം തീയതി, തിരുവനന്തപുരം, 23.02.2017

പരാമർശം:- 1) 04.11.2015 ലെ 13002/ബി2/15/വിജി നമ്പർ കത്ത്

2) 27.04.2016 ലെ 14520/എ 2/2015 നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും

3) 21.06.2016 ൽ ശ്രീ.എൻ.ബിജുമോൻ സമർപ്പിച്ച പ്രതിവാദ പത്രിക

4) 09.11.2016 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ (ഭരണം) റുടെ ബി3-24980/16 നമ്പർ കത്ത്

<u>**ഉത്തരവ്**</u>

വനം വകുപ്പിൽ എറണാകുളം ജില്ലയിൽ ഫോറസ്റ്റ് ഗാർഡായി ജോലി നോക്കുന്ന ശ്രീ.എൻ.ബിജുമോൻ മറ്റു ചില സർക്കാർ ഉദ്യോഗസ്ഥർക്കൊപ്പം ആറ്റിങ്ങലിൽ എക്സലന്റ് എന്ന പേരിൽ ഒരു ട്യൂഷൻ സെന്റർ നടത്തുന്നുവെന്നും ടി ട്യൂഷൻ സെന്ററിന്റെ പരസ്യത്തിൽ ശ്രീ.ബിജുമോന്റെ ഫോൺ നമ്പർ കൊടുത്തിട്ടുള്ളതായും ടിയാന്റെ മേൽ പ്രവൃത്തികൾ സർക്കാർ ഉദ്യോഗസ്ഥരുടെ പെരുമാറ്റ ചട്ടങ്ങൾക്ക് എതിരായതിനാൽ ടിയാനെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കണമെന്നും പരാമർശം (1) പ്രകാരം വിജിലൻസ് വകുപ്പ് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ പരാമർശം (2) പ്രകാരം 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) നിയമത്തിലെ ചട്ടം 15 പ്രകാരം കഠിന ശിക്ഷയുള്ള കുറ്റ പത്രം/കുറ്റാരോപണ പത്രിക നൽകുകയുണ്ടായി.

2. ടിയാനെതിരെയുള്ള ചാർജ്ജുകൾ താഴെപ്പറയും പ്രകാരമാണ്:

1) താങ്കൾ മറ്റു ചില സർക്കാർ ഉദ്യോഗസ്ഥർക്കൊപ്പം ചേർന്ന് ആറ്റിങ്ങലിൽ എക്സലന്റ് എന്ന പേരിൽ ഒരു ട്യൂഷൻ സെന്റർ നടത്തി വരുന്നു.

2) താങ്കളുടെ ഫോൺ നമ്പർ ടി ട്യൂഷൻ സെന്ററിന്റെ പരസ്യത്തിൽ ഉപയോഗിക്കുന്നു.

3) താങ്കളുടെ മേൽ പ്രവൃത്തികൾ സർക്കാർ ഉദ്യോഗസ്ഥരുടെ പെരുമാറ്റചട്ടങ്ങൾക്ക് വിരുദ്ധവും കടുത്ത അച്ചടക്ക ലംഘനവുമാണ്.

3. കുറ്റാരോപിതനായ ശ്രീ.എൻ.ബിജുമോൻ പരാമർശം (3) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചു. സർക്കാർ ജോലി ലഭിക്കുന്നതിനു മുമ്പ് ടിയാൻ ആറ്റിങ്ങലിലുള്ള ഔവർ ട്യൂഷൻ സെന്ററിൽ ക്ലാസ്സെടുത്തിരുന്നു എന്നും വനം വകുപ്പിൽ ജോലി ലഭിച്ചതിനുശേഷം ഔവർ ട്യൂഷൻ സെന്ററിലോ, എക്സലന്റ് ട്യൂഷൻ സെന്ററിലോ മറ്റേതെങ്കിലും സ്വകാര്യ സ്ഥാപനത്തിലോ പ്രതിഫലം പറ്റിക്കൊണ്ട് ജോലി ചെയ്തിട്ടില്ല എന്നും കോതമംഗലം ഫോറസ്റ്റ് ട്രെയിനിംഗ് സ്കൂളിൽ ജോലി ചെയ്യുന്ന ടിയാന് ജോലിയോടൊപ്പം ആറ്റിങ്ങലിലുള്ള ട്യൂഷൻ സെന്ററിൽ ക്ലാസ്സെടുക്കുക എന്നത് പ്രായോഗികമല്ല എന്നും, ടിയാന്റെ ഭാര്യ, എക്സലന്റ് ട്യൂഷൻ സെന്റർ തുടങ്ങിയ കാലം മുതൽ ഓഫീസിന്റെ ചുമതലയുള്ള സ്റ്റാഫാണെന്നും ഭാര്യയുടെ മൊബൈൽ ഫോണിൽ ഉപയോഗിച്ചിരുന്നത് ടിയാന്റെ പേരിലുള്ള സിം കാർഡാണെന്നും അതാണ് ടിയാന്റെ പേരിലുള്ള നമ്പർ ട്യൂഷൻ സെന്ററിലെ പരസ്യ ബോർഡിൽ പ്രദർശിപ്പിക്കാനുണ്ടായ സാഹചര്യമെന്നും വാദിക്കുന്നു.

4. പരാമർശം (4) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ഇപ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

5. ടിയാനെതിരായ ആദ്യ ആരോപണം സംബന്ധിച്ച് ടിയാൻ ഏത് കാലയളവിലാണ് ലീവെടുത്തതെന്നും, അവധി ദിവസങ്ങളിലും മറ്റും എങ്ങനെയാണ് ക്ലാസ്സെടുത്തതെന്നും സംബന്ധിച്ച് അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ല. ഫോറസ്റ്റ് ട്രെയിനിംഗ് സ്കൂളിലെ ട്രെയിനിംഗിനിടയിൽ, ആരോപണത്തിൽ പരാമർശിച്ചിരിക്കും വിധം നാട്ടിൽ വന്ന് ക്ലാസ്സെടുക്കാൻ അവസരം കിട്ടാനിടയില്ല കൂടാതെ ഒരു സംരക്ഷണ വിഭാഗം ജീവനക്കാരന് കോതമംഗലത്തു നിന്നും ആറ്റിങ്ങൽ വരെ വന്ന് ക്ലാസ്സെടുത്തു പോകാൻ സാമ്പത്തികമായും അല്ലാതെയും പല ബുദ്ധിമുട്ടുകളും നേരിടാനിടയുണ്ട്.

5. രണ്ടാമത്തെ ആരോപണം സംബന്ധിച്ച് ടിയാന്റെ വിശദീകരണം തീർത്തും സംഭവ്യമാണെങ്കിലും ടിയാന്റെ ഭാഗത്ത് നിന്നും നോട്ടപ്പിശകുവഴിയുള്ള വീഴ്ച പറ്റിയിട്ടുണ്ട്. എന്നിരുന്നാലും ടിയാൻ തന്നെയാണ് മൊബൈൽ നമ്പർ ഉപയോഗിച്ചിരുന്നതെങ്കിലും വിദൂര പ്രദേശത്തുനിന്ന് ട്യൂഷൻ സെന്ററുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്നു എന്നത് പ്രഥമദൃഷ്ട്യാ കരുതാനാവില്ല.

6. മൂന്നാമത്തെ ചാർജ്ജിനെ സംബന്ധിച്ചിടത്തോളം അന്വേഷണ റിപ്പോർട്ടിൽ പരാതിക്കാരന്റെ വാദങ്ങൾക്ക് വളരെയേറെ പ്രാധാന്യം ലഭിച്ചപ്പോൾ കുറ്റാരോപിതന് തന്റെ വാദം അവതരിപ്പിക്കാൻ വേണ്ടത്ര അവസരം നൽകിയതായി കാണുന്നില്ല. ഇതിൽ സ്വാഭാവിക നീതി നിഷേധിച്ചിട്ടുമുണ്ട്.

7. ഡിസ്ട്രിക്റ്റ് എൻക്വയറി ആയതിനാൽ ഈ വിഷയത്തിൽ ഒരു വിശദ അന്വേഷണം നടന്നിട്ടില്ല. എന്നാലും അന്വേഷണ റിപ്പോർട്ട് പരിശോധിക്കുമ്പോൾ ശ്രീ.ബിജുമോൻ അവധി ദിവസങ്ങളിലല്ലെങ്കിലും ക്ലാസ്സെടുത്തിരുന്നു എന്ന് ന്യായമായും സംശയിക്കാം. ആരോപിക്കപ്പെട്ട കുറ്റങ്ങളെ സംബന്ധിച്ച് സംഭാവ്യതാ സാധ്യതയുണ്ടെങ്കിലും ഒരു സംരക്ഷണ വിഭാഗം ജീവനക്കാരന്റെ ജോലിയുടെ സ്വഭാവം വെച്ച് സ്ഥിരമായി അപ്രകാരം ചെയ്യാൻ കഴിയുമെന്ന് കരുതാനാവില്ല. ആയതിനാൽ ശ്രീ.ബിജുമോന് തന്റെ നിരപരാധിത്വം തെളിയിക്കാൻ അവസരം ലഭിച്ചിട്ടില്ലായെന്നത് കൂടി കണക്കിലെടുത്ത്, ടിയാന് ദയാപരമായി പരിഗണന നൽകി അച്ചടക്ക നടപടി

തീർപ്പാക്കാവുന്നതാണെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റർ (ഭരണം) അഭിപ്രായപ്പെട്ടു.

8. സർക്കാർ ഈ വിഷയം 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങളുടെ വെളിച്ചത്തിൽ വിശദമായി പരിശോധിച്ച്, ശ്രീ.എൻ.ബിജുമോൻ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച പ്രതിവാദ പത്രികയിലെ വിശദീകരണവും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്ററി (ഭരണം)ന്റെ അഭിപ്രായവും അംഗീകരിച്ചുകൊണ്ട് ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി ടിയാനെ കുറ്റവിമുക്തനാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പി മാരപാണ്ഡ്യൻ
അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം)
ശ്രീ.എൻ.ബിജുമോൻ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
വിജിലൻസ് (ബി) വകുപ്പ്
ഡയറക്ടർ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
(26.10.2015 ലെ ഇ 15-9057/2015 നമ്പർ കത്ത് പ്രകാരം)
വിവര സാങ്കേതിക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ